പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 120

04.12.2014 ൽ മറുപടിക്ക്

## പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ റ്റി.എ. അഹമ്മദ് കബീർ:<br>,, വി.എം. ഉമ്മർ മാസ്റ്റർ:<br>,, സി. മമ്മൂട്ടി:<br>,, എൻ.എ. നെല്ലിക്കുന്ന്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ; | (എ) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളകട്റുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പരാതികളിന്മേൽ റേഷനിംഗ് ഇൻസ്പെക്ടർമാരും, താലൂക്ക്/ജില്ലാ സപ്ലൈ ആഫീസർമാരും നേരിട്ട് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എണ്ണക്കമ്പനികളുടെ സെയിൽസ് ഓഫീസർമാർ വിതരണ ഏജൻസികൾ കൃത്യമായി പരിശോധിക്കുകയും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭ്യമായാൽ അതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്‌ലൈൻസ്, 2014 പ്രകാരം നടപടികൾ സ്വീകരിച്ചു വരുകയുംചെയ്യുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച പരിശോധനകളുടെ അപര്യാപ്തത ഉപഭോക്താക്കൾക്ക് ദുരിതമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉപഭോക്താക്കളുടെ അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ പരിഹരിക്കാറുണ്ട്. |
| (സി) | ചില ഗ്യാസ് ഏജൻസികളുടെ കൂടിഒത്താശയിൽ അനധികൃത ഗ്യാസ് റീഫില്ലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതും, അതിൽ ചിലതിൽ അപകടങ്ങൾ ഉണ്ടായത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഗ്യാസ് റീഫില്ലിംഗ് കേന്ദ്രങ്ങളെ കുറിച്ച് വിവരം ലഭിച്ചാലുടൻ, അത്തരം കേന്ദ്രങ്ങളിൽ ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് പരിശോധന നടത്തുകയും, ഉപകരണങ്ങൾ പിടിച്ചെടുക്കുകയും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നടപടി എടുക്കുകയും എൽ.പി.ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 പ്രകാരവും ഇ.സി. ആക്ട് പ്രകാരവും നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ